18

## ദൈവം

# വിശ്വസിക്കുക എന്നാൽ എന്താണർത്ഥം?

ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയുടെയും അവന്റെ ഭവനക്കാരുടെയും പരിവർത്തനം പ്രവൃത്തികൾ 16:25–34 ഉള്ള മാതൃക, ആത്മശ്വാസിയവും, വിവരണാത്മകവും, ആധികാരികവുമാണ്. ഈ കഠിനനായ പ്രമാണിക്കു അടിക്കപ്പെട്ട ആ രണ്ടു തടവുകാരോടു വലിയ മതിപ്പ് ഒന്നും ഇല്ലായിരുന്നു, അവരുടെ പുറകിൽ അടിക്കുക മാത്രമല്ല, കെട്ടുകയും ചെയ്തിരുന്നു, രക്തത്തുള്ളികൾ വീണുകൊണ്ടിരിക്കുവാനും സാധ്യതയുണ്ട്. യാതോരു മാനുഷ കരുതലുമില്ലാതെ, കാരാഗൃഹപ്രമാണിയുടെ മനസിൽ ഒന്നു മാത്രമുണ്ടായിരുന്നു: അവന്റെ മേലുദ്യോഗസ്ഥർ കൂടുതൽ ഭദ്രദക്കു കല്പിച്ചിരുന്നു. തൽഫലമായി, പൗലൊസിനെയും ശീലാസിനെയും അകത്തെ തടവിലാക്കുക മാത്രമല്ല, അവരുടെ കാലുകളിൽ ആമവും വെച്ചു.

ഭൂമികുലുക്കത്താൽ കാരാഗൃഹപ്രമാണി ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്നു – തടവുകാരുടെ ചങ്ങലകൾ അഴിയുകയും തടവിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു. തടവുകാർ ആരും ഓടിപ്പോകാതിരുന്നതു അവനു മനസിലായില്ല. ആ അടിക്കപ്പെട്ട രണ്ടു തടവുകാരോടുകൂടെ ഈ ലോകത്തിന്റെ അധിപൻ, ഒരു മഹാ ശക്തി ഉണ്ടെന്നു അവനു ബോധ്യമായി. അവർക്കു അവസരം കിട്ടിയിട്ടും അവർ തടവിൽ നിന്നു ഓടിപ്പോയില്ല! അവർ ഓടിപ്പോകാതിരിപ്പാൻ ഏതോ അദൃശ്യശക്തി ആയിരുന്നു കാരണം എന്നു അവൻ തിരിച്ചറിഞ്ഞു. ഒരു വലിയ ലോകശക്തി ഈ അടിക്കപ്പെട്ട തടവുകാരിൽ ഉണ്ടായിരുന്നു എന്നു വ്യക്തമായി ഭയപ്പാടോടെ, ആ അത്ഭുത ശക്തി തന്റെ ഭാഗത്തും വേണമെന്നു അവൻ ആഗ്രഹിച്ചു! താൻ അവഗണിച്ച മനുഷ്യരെ ബഹുമാനിക്കാൻ തുടങ്ങി. ആ നലിയ ശക്തിയുടെ വക്താക്കളാണ് അവ

രെന്നു അവൻ തിരിച്ചറിഞ്ഞു! ആ മനുഷ്യരുടെ വാക്കുകൾ പ്രതിരോധിക്കാൻ പറ്റാത്തതാണെന്നു ആ സംഭവത്തിലുടെ അവൻ മനസിലാക്കി. അവർ എന്തു കല്പിച്ചാലും അതു ചെയ്യുവാൻ അവൻ തയ്യാറായി. ലോക ഭരണാധികാരിയാണ് ആ രണ്ടു പേരേയും അതിനിരയാക്കിയത് എന്നറിഞ്ഞു ഭയന്നു വിറച്ചുകൊണ്ടു അവരുടെ മുമ്പിൽ വീണു. പിന്നെ അവരെ പിൻതുടർന്നു തടവിനു പുറത്തേക്കു കൊണ്ടു വന്നു, അവരോടു, "യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു?"

രക്ഷിക്കപ്പെടുകയോ? എന്താണ് അവൻ അർത്ഥമാക്കിയത്? ഭൂമികുലുക്കത്തിന്റെ മരണഭീഷണിയിൽ നിന്നുള്ള വിടുതലാണോ? അതായിരുന്നു അവന്റെ മനസിലുണ്ടായിരുന്നതെങ്കിൽ പൗലൊസ് അവന്റെ ചിന്ത ക്രിസ്തുവിലുള്ള വിടുതലിലേക്കു മാറ്റി. ക്രിസ്തു വാഗ്ദാനം ചെയ്തത് ഭൂമികുലുക്കത്തിൽനിന്നുള്ള വിടുതലല്ല. യേശുവിന്റെ രക്ഷയിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു: (1) പാപത്തിന്റെ കുറ്റത്തിൽ നിന്നുള്ള വിടുതൽ (മത്തായി 26:28; ലൂക്കൊസ് 19:10; യോഹന്നാൻ 8:24; പ്രവൃത്തികൾ 22:16) (2) "വരുവാനുള്ള കോപത്തിൽ നിന്നും" നരകത്തിൽ നിന്നും ഉള്ള വിടുതലാണ് (1 തെസ്സലൊനിക്യർ 1:10; നോക്കുക മത്തായി 25:41; മർക്കൊസ് 9:47, 48).

"രക്ഷിക്കപ്പെടുവാൻ" എന്ന ഭൂതകാല പദപ്രയോഗം കാരാഗൃഹപ്രമാണി ഉപയോഗിച്ചതിൽ ഒരു പ്രധാന സത്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഒരു പാപിക്കു തന്നെ രക്ഷിക്കുവാൻ സാധ്യമല്ല, എന്നാൽ മറ്റൊരാളെ പൂർണ്ണമായും ആശ്രയിക്കണം. ഒരാൾക്കു തന്റെ ധാർമ്മിക പ്രവൃത്തികൾ കൊണ്ടു രക്ഷിക്കപ്പെടാമെങ്കിൽ, അയാൾക്കു യേശുവിന്റെ ആവശ്യം ഇല്ല. അവനു ക്രിസ്തുവിനോടു പറയാം, "നീ എനിക്കു വേണ്ടി മരിച്ചതു നല്ലതു തന്നെ, പക്ഷെ എനിക്ക് അത്തരം യാഗം ആവശ്യമില്ല." സത്യത്തിൽ, ഒരു മനുഷ്യനും തന്റെ പാപത്തിന്റെ കുറ്റം നീക്കുവാൻ കഴിയുകയില്ല. ദൈവത്തിനു മാത്രമെ പറയാൻ കഴിയൂ, "നിന്നോടു ക്ഷമിച്ചിരിക്കുന്നു." രക്ഷ, തനിക്കപ്പുറമാണെന്നു മനസിലാക്കിയ കാരാഗൃഹപ്രമാണി, താഴ്മയോടെ ശരിയായി സമീപിക്കുകയായിരുന്നു.

നേരെ മറിച്ച്, അവൻ "ചെയ്യണം" എന്നുപയോഗിച്ചതിലും മറ്റൊരു വലിയ സത്യം അടങ്ങിയിട്ടുണ്ട്. തികവിലാണെങ്കിലും, ഒരു പാപിക്കു രക്ഷിക്കപ്പെടുവാൻ യോഗ്യമായതൊന്നുമില്ല (എഫെസ്യർ 2:8, 9), "ചെയ്യുന്നവരെ" മാത്രമാണ് രക്ഷകൻ രക്ഷിക്കുന്നത് (മത്തായി 7:21) അവന്റെ ഇഷ്ടം, അനുസരിക്കുന്നവരെ (എബ്രായർ 5:9). ശരിയായി മനസിലാക്കിയ പാപി കല്പനകളെ അനുസരിക്കുന്നതിനു അഹംഭാവം കാണിക്കുകയില്ല (ലൂക്കൊസ് 17:10). തന്റെ യോഗ്യതയാലല്ല, കൃപയാൽ രക്ഷിക്കപ്പെട്ട പാപിയാണ് താനെന്നു എപ്പോഴും അവനറിയാം. അവനു രക്ഷ നേടിയെടുക്കാൻ സാധ്യമല്ല (റോമർ 4:4, 5; എഫെസ്യർ 2:8, 9).

തടവു കാവൽക്കാരൻ പറഞ്ഞ വാക്കായ "ഞാൻ," എന്നതിലും പ്രാധാന്യസത്യമുണ്ട്. "ഞാൻ" എന്ന സർവ്വനാമം അർത്ഥമാക്കുന്നതു അവൻ രക്ഷക്കായി ഹാബേലിലോ, അബ്രഹാമിലോ, മോശെയിലോ അല്ലെങ്കിൽ ക്രൂശിലെ കള്ളനിലേക്കോ നോക്കിയില്ല. "ഞാൻ" എന്നതു

അർത്ഥമാക്കുന്നതു, “ഒരു പാപി രക്ഷിക്കപ്പെടുവാൻ ഇന്നു എന്താണ് ചെയ്യേണ്ടത് എന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു - അല്ലാതെ പിതാക്കന്മാരുടെ കാലത്തോ, യഹൂദകാലത്തോ, യോഹന്നാൻ സ്നാപകന്റെ കാലത്തോ, യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്തോ അല്ല, ഇപ്പോൾ, എന്റെ സമയത്ത്.” അമ്മയുടെ കയ്യിലിരുന്നു എനിക്കു വേണ്ടി വെള്ളം കോരി ഒഴിക്കുന്നതിനെയോ, അല്ലെങ്കിൽ സ്നാനപ്പെട്ടപ്പോൾ എനിക്കു ഉത്തരവാദിത്തം എടുത്ത ബന്ധുവിലോ സ്നേഹിതനിലോ അല്ലെങ്കിൽ എനിക്കു വേണ്ടി അർപ്പിക്കുന്ന കുർബാനയിലോ അല്ല, ഞാൻ ആശ്രയിക്കുന്നത് “ഞാൻ ചെയ്യുന്നതിൽ” ആണ്. “ഞാൻ” എന്നതു കാര്യം വ്യക്തിപരമാക്കുന്നു.

കാരാഗൃഹപ്രമാണി ഉപയോഗിച്ച “ചെയ്യണം” എന്നതിന്റെ സൂചന - ഭയന്നു വിറച്ച മനുഷ്യൻ അർത്ഥരാത്രിയിൽ - രക്ഷക്കുള്ള ശുപാർശയോ തനിക്കു മുമ്പിൽ വെച്ചതു തിരഞ്ഞെടുക്കുവാനോ അല്ല ആഗ്രഹിച്ചത്. അവൻ ആവശ്യമുള്ളത് മാത്രം, “ചെയ്യേണ്ടതു” മാത്രം കേൾക്കുവാൻ ആഗ്രഹിച്ചു. “എന്തു” എന്ന അവന്റെ വാക്കിനെത്തുടർന്നു വരുന്നതാണ് “ചെയ്യേണം” എന്നു വ്യക്തമാണ്: ഫലത്തിൽ, അവൻ പറഞ്ഞത്, “പ്രത്യേകമായി രക്ഷക്കു ആവശ്യമുള്ളതു - ഒന്നു, രണ്ട്, മൂന്ന് - എന്നു പറയുക.” പൊതുവായതല്ല, ഉപദേഷ്ടാക്കന്മാർ പോയിന്റിലേക്കു വരുവാൻ അവൻ ആഗ്രഹിച്ചു. മൊത്തത്തിൽ, അവൻ ചോദിച്ചതു എന്തു ബുദ്ധിപരമായ ചോദ്യം! ഓരോ വാക്കും പ്രാധാന്യമുള്ളതായിരുന്നു.

ഉപദേഷ്ടാക്കന്മാരുടെ നേരിട്ടുള്ളതും ദ്വയാർത്ഥമില്ലാത്തതുമായ ഉത്തരം വന്നു “കർത്താവായ യേശുവിൽ വിശ്വസിക്കുക.” ഇതു, അവർ പ്രസംഗം തുടങ്ങുന്നതിനു മുൻപ്, എല്ലാം ഉൾപ്പെടുത്തി ചുരുക്കത്തിൽ പറഞ്ഞതാണ് (പ്രവൃത്തികൾ 16:32). അവർ പറഞ്ഞ അഞ്ചു വാക്കുകൾ പിൻ വരുന്നതിന്റെ സാരാംശം ആയിരുന്നു. കാരാഗൃഹപ്രമാണി ഒരിക്കലും “യേശു” എന്ന നാമമോ, സത്യദൈവനാമമോ കേട്ടിരിക്കാൻ, സാധ്യത വളരെ കുറവാണ്. ആ ഉത്തരം അവനെ ഞെട്ടിച്ചതുകൊണ്ടു, ചോദിച്ചു കാണും, “ആരാണീ കർത്താവായ യേശു?” തൽഫലമായി, ഉടനെ അവർ “കർത്താവിന്റെ വചനം,” കാരാഗൃഹപ്രമാണി ചോദിച്ചതിന്റെ ഉത്തരങ്ങൾ പൂർണ്ണമായി വിശദീകരിച്ചു.

ചിലർ മനസിലാക്കിയിരിക്കുന്നത് “തികവുള്ളവൻ” (കൊലൊസ്യർ 2:10) ആക്കുവാൻ കഴിവുള്ളവൻ യേശു മാത്രമായതുകൊണ്ടു ക്രിസ്തു മാത്രമാണ് രക്ഷിക്കുന്നത് (യോഹന്നാൻ 14:6; പ്രവൃത്തികൾ 4:12), എന്നാണ്, കാരണം അവനാണ് “എല്ലാം” (കൊലൊസ്യർ 3:11; 1 കൊരിന്ത്യർ 1:30) അവർ പറയുന്നത് “കർത്താവായ യേശുവിൽ വിശ്വസിക്കുക” എന്നതിൽ ഒഴിവാക്കുവാൻ ഒന്നുമില്ല, കാരണം ആ കല്പനയിൽ ക്രിസ്ത്യാനിയാകുവാൻ ആവശ്യമായതെല്ലാം ഉണ്ട്. എങ്ങനെയായാലും, ഒരാൾ സ്പോഞ്ചിലെ വെള്ളം പിഴിയുന്നതു പോലെ “വിശ്വസിക്കുക” എന്നതു പിഴിയാവുന്നതല്ല. അതു ഊഹിക്കുവാൻ അത്തരം നടപടി “വിശ്വാസം മാത്രം” എന്നതിനെ ഉപേക്ഷിക്കുന്നതാണെങ്കിലും ദൈവശ്വാസിയരായ ഉപദേഷ്ടാക്കന്മാരുടെയും എല്ലാ പുതിയനിയമ എഴുത്തുകാരുടെയും

തിരുവെഴുത്തു മാനിക്കാതെ പ്രവൃത്തികൾ 16:31 ലെ പ്രസ്താവന എടുത്തു "വിശ്വാസം മാത്രം" എന്നതു ആരെയും രക്ഷിക്കുകയില്ല (യാക്കൊബ് 2:19, 24; നോക്കുക യോഹന്നാൻ 12:42).

ആയിരക്കണക്കിനു സദസ്യർക്കു മുന്നിലെ മതപരമായ ഒരു ചർച്ചയിൽ, "വിശ്വാസം മാത്രം മതി" എന്നു പറയുന്ന ഒരു ഉപദേഷ്ടാവു ഉദ്ധരിച്ചു, "വിശ്വസിച്ചാൽ ... നീ രക്ഷിക്കപ്പെടും," എന്നു പറഞ്ഞിട്ടു, "അതിൽ ഒരു തുള്ളി വെള്ളം ഇല്ല, ഒരു തുള്ളി വെള്ളം പോലുമില്ല" എന്നു ചേർത്തു. അങ്ങനെ അയാൾ സ്നാനത്തെ പരിഹാസ്യമാക്കി. അയാളെ എതിർത്തു സംസാരിച്ചയാൾ അയാളുടെ തെറ്റു ബോധ്യമാക്കി പറഞ്ഞു, "മാനസാന്തരമെന്ന ഒരൊറ്റ വാക്ക് അതിലില്ല, ആ "വിശ്വാസം മാത്രം മതി" എന്ന ഉപദേഷ്ടാവിന്റെ യുക്തിയനുസരിച്ചു മാനസാന്തരത്തിന്റെ ആവശ്യമില്ല. "വിശ്വാസം മാത്രം മതി" എന്ന ഉപദേഷ്ടാവു വാസ്തവത്തിൽ പഠിപ്പിച്ചത് മാനസാന്തരം ആവശ്യമാണെന്നാണ്, സദസ്യർക്കു അയാളുടെ സ്ഥിരതയില്ലായ്മയും സ്നാനത്തിനെതിരായ ദുരഭിമാനവും മനസിലായി.

പ്രവൃത്തികളിലെ ദൈവശ്വാസിയ ഉപദേഷ്ടാക്കന്മാർ, "കർത്താവിന്റെ വചനം" കാരാഗൃഹപ്രമാണിയോടും അവന്റെ ഭവനക്കാരോടും, കർത്താവിൽ ആശ്രയിക്കുവാൻ മാത്രമല്ല, മാനസാന്തരവും സ്നാനവും ഉപദേശിക്കയുണ്ടായി. കാരാഗൃഹപ്രമാണി അടിച്ചവരുടെ മുറിപ്പാടുകൾ വെച്ചു കെട്ടിയതു അവന്റെ മാനസാന്തരത്തെ വെളിപ്പെടുത്തുന്നു. കൂടാതെ അവൻ അർത്ഥരാത്രിയിൽ സ്നാനമേറ്റതായും പറയുന്നു. അതു മുഴുവൻ നോക്കി, ഒരാൾക്ക് ആദ്യത്തെ ചുരുങ്ങിയ മറുപടിയിലേക്കു പോകാം, "കർത്താവായ യേശുവിൽ വിശ്വസിക്ക," *വ്യാപകമായ വാക്കായിട്ടാണ് "വിശ്വസിക്ക" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, ചുരുങ്ങിയതു മൂന്നു മൂലകങ്ങൾ അടങ്ങുന്ന ഒരു പാക്കേജ് വാക്കാണ് അത്: വിശ്വാസം, മാനസാന്തരം, സ്നാനം.*[1] വീണ്ടും, നിസാര കല്പന "വിശ്വസിക്ക" ഉപദേഷ്ടാക്കന്മാർ പറഞ്ഞതു ഒരാൾ മനസിലാക്കിയാൽ, പിന്നെ അവർ ആ വാക്കിൽ അർത്ഥമാക്കിയതു മനസിലാക്കും.

തളിക്കൽ സ്നാനത്തിനു എടുത്തിരിക്കുന്നവർ ചിലപ്പോൾ പറയും കാരാഗൃഹപ്രമാണി തടവിലാണ് സ്നാനപ്പെട്ടത്, അതുകൊണ്ടു മുങ്ങൽ ആകാൻ സാധ്യതയില്ല എന്ന്. എങ്ങനെയായാലും, വേദപുസ്തകപരമായി, തടവു ഭവന സ്നാനം ഇല്ല; കാരണം ഉപദേഷ്ടാക്കന്മാരെ "പുറത്തു" കൊണ്ടു വരികയാണ് (പ്രവൃത്തികൾ 16:30). പ്രസംഗം പ്രസംഗിച്ചു, സ്നാനം കഴിപ്പിച്ചു, പിന്നെ ഉപദേഷ്ടാക്കന്മാരെ തടവിനു "അകത്തേക്കു" (16:34). കാരാഗൃഹപ്രമാണിയുടെ വീടിനും തടവിനും ഇടക്കു എവിടെയോ സ്നാനം കഴിപ്പിച്ചു എന്നത് തളിക്കൽ ആശയത്ത ന്യായീകരിക്കുന്നില്ല.

"ഞങ്ങൾ മുങ്ങൽ സ്നാനമാണ്" എടുക്കുന്നത് എന്നു പറഞ്ഞു ചിലർ സത്യത്തെ ബലി കഴിക്കാറുണ്ട്. "ഞങ്ങൾ ചവക്കുന്നത് ചവച്ചരക്കുന്നതിലുടെ ആണ്," എന്നോ അല്ലെങ്കിൽ "ഞങ്ങൾ ഉമ്മ വെക്കുന്നത് ചുമ്പനത്തിലൂടെയാണ്" എന്നു പറയുന്നതുപോലെയാണ്. മുങ്ങൽ അല്ലാതെ മറ്റൊരു രീതിയിലും സ്നാനം ഇല്ല. "ഞങ്ങൾ മുങ്ങൽ

സ്നാനം ആണ് എടുക്കുന്നത്" എന്നു പറയുന്നവർ ഒന്നിലധികം വിധത്തിൽ സ്നാനം ഉണ്ടെന്നു സൂചിപ്പിക്കുകയാണ്.

കൂടാതെ, ചിലർ സ്നാന "രീതി" യെക്കുറിച്ചു പറയുന്നുണ്ട്, എന്നാൽ ബൈബിളിൽ രീതിയെക്കുറിച്ചൊന്നും പറയുന്നില്ല. രസകരമായി പറഞ്ഞാൽ, ഒരാൾക്ക് കിങ്ങ് ജെയിംസ് വെർഷനിലെ പ്രവൃത്തികൾ 16:33, "നേരെ കുത്തനെ" "തെളിയിച്ചു" നിർത്താം. എങ്ങനെയായാലും, അവിടെ അർത്ഥമാക്കിയത് "ഉടനെയാണ്"; ശരീരം ഏതു രീതിയിലാണ് വെള്ളത്തിൽ മുങ്ങിയത് എന്നു പറയുന്നില്ല. പല രീതികളുണ്ട് (പുറകോട്ട്, മുമ്പോട്ട്, നേരേ താഴേക്ക്) സ്നാനത്തിനു, എന്നാൽ അതൊന്നും പറഞ്ഞിട്ടില്ല. ഏതു രീതി എടുക്കണമെന്നു ദൈവം നിയമമുണ്ടാക്കിയിട്ടില്ല; സ്നാനം – മുങ്ങൽ ആയിരിക്കണം എന്ന നിയമമേ ദൈവം വെച്ചിട്ടുള്ളു.

കാരാഗൃഹപ്രമാണിയും കുടുംബവും സ്നാനം ഏറ്റതിൽ, ശിശുക്കളും കാണും എന്ന അനുമാനത്തിൽ തളിക്കലിനെ ന്യായീകരിക്കും. എങ്ങനെയായാലും, വസ്തുത എന്തെന്നാൽ അവിടെ പ്രസംഗം കേൾക്കുവാൻ പ്രാപ്തിയുള്ളവരായിരുന്നു ഉണ്ടായിരുന്നത് എന്നു വേദപുസ്തകം വ്യക്തമാക്കുന്നു (16:32), സ്നാനമേറ്റശേഷം അവർ സന്തോഷിക്കയും ചെയ്തു (16:34). പുസ്തകം പരിശോധിച്ചാൽ, പിന്നെ, ഇവിടെ ശിശുക്കളെ സ്നാനപ്പെടുത്തിയതായി പറയുന്നില്ല എന്നു കാണാം.

കാരാഗൃഹപ്രമാണിയുടെ പരിവർത്തനം കാണിക്കുന്നത്, സ്നാനത്തെക്കുറിച്ചുള്ള മറ്റു രണ്ടു വലിയ വസ്തുതകളാണ്. ഒന്നു, സ്നാനം നടക്കുന്നതുവരെ ആവേശവും ഉൽക്കണ്ഠയുമായിരുന്നു. അതിനുശേഷമായിരുന്നു കാരാഗൃഹപ്രമാണിക്കും കുടുംബത്തിനും ആശ്വസിക്കുവാനും, സന്തോഷിക്കുവാനും, അർത്ഥരാത്രി ഭക്ഷണം കഴിക്കുവാനും തയ്യാറായത്. ബൈബിളിൽ ഒരു പാപിയും, വിശ്വാസത്തോടെ വന്നു, സ്നാനപ്പെടുന്നതിനു മുമ്പ് തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. രണ്ട്, ഈ വിവരണത്തിൽ സ്നാനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നത്, അത്, നീട്ടിവെക്കാവുന്നതല്ല എന്നാണ്, അവൻ അതു അർത്ഥരാത്രിയിൽ തന്നെ ചെയ്തു. ഇതു പുതിയ നിയമോപദേശത്തിന്റെ അത്യാവശ്യത്തെ കാണിക്കുന്നു. പ്രത്യേക അവസരം വരെ സ്നാനത്തിനു വേണ്ടി കാത്തിരിക്കൽ, രാവിലെ വരെ പോലും വെളിച്ചത്തിനായി, രക്ഷ നീട്ടിവെക്കാവുന്നതല്ല.

---

കുറിപ്പ്

[1]"വിശ്വസിക്കുക" എന്നത് മറ്റെല്ലാ തിരുവെഴുത്തിലുമുള്ളതല്ല, ഇതു പ്രായോഗികമായിരിക്കുന്നത് പ്രവൃത്തികൾ 16:31–ൽ മാത്രമാണ്. ഉദാഹരണമായി, യാക്കൊബ് 2:19 പറയുന്നു "പിശാചുക്കളും വിശ്വസിക്കയും വിറെക്കുകയും ചെയ്യുന്നു" എന്നാണ്; എന്നാൽ പിശാചുക്കളുടെ വിശ്വാസത്തിൽ ദൈവത്തെ അനുസരിക്കൽ വരുന്നില്ല.


© 2009 Truth for Today